# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560
ഫോൺ:0481–2733512

## വാർത്താക്കുറിപ്പ് (2)

**2023 ഫെബ്രുവരി 17**

---

*പരിസ്ഥിതി ശാസ്ത്ര പഠനവകുപ്പിന്റെ*
*രജത ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി*

## എം.ജി. സർവകലാശാല ഗവേഷണങ്ങളുടെ സമൂഹിക ഉത്തരവാദിത്വം നിറവേറ്റുന്നു– മന്ത്രി ആർ.ബിന്ദു

അക്കാദമിക് ഗവേഷണങ്ങളുടെ സാമൂഹിക ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് സാധിക്കുന്നുണ്ടെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. സർവകലാശാലയിലെ പരിസ്ഥിതിശാസ്ത്ര പഠന വകുപ്പിന്റെ രജത ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

നിത്യജീവിതവുമായി ബന്ധപ്പെട്ട് നേരിടേണ്ടിവരുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള ഉത്തരവാദിത്വംകൂടി അക്കാദമിക് സമൂഹത്തിനുണ്ട് എന്ന കാഴ്ച്ചപ്പാടോടെയാണ് ഈ മേഖലയിലെ പുതിയ ചുവടുവയ്പ്പുകളെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്.

ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നിനും നാടിന്റെ സമ്പദ്ഘടനയുടെ വളർച്ചയ്ക്കും ഉപകരിക്കുന്ന ഉത്പന്നങ്ങളും പ്രവർത്തന രീതികളും വികസിപ്പിക്കാൻ നമ്മുടെ സർവകലാശാലകൾക്കാകും. അത് തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ എം.ജി. സർവകലാശാലയ്ക്ക് സാധിക്കുന്നുണ്ട്–മന്ത്രി പറഞ്ഞു.

പരിസ്ഥിതി ശാസ്ത്ര പഠന വകുപ്പിൽ പുതുതായി ആരംഭിക്കുന്ന ഡ്രോൺ സംവിധാനത്തിന്റെയും സർവകലാശായുടെ ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെയും (ഡി.എം.എസ്) ഉദ്ഘാടനം മന്ത്രി നിർവഹിച്ചു

സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. പരിസ്ഥിതി ഓഡിറ്റ് മികവിനുള്ള ഐഎസ്ഒ 14001:2015 ഇഎംഎസ് സർട്ടിഫിക്കറ്റ് തോമസ് ചാഴികാടൻ എം.പി വൈസ് ചാൻസലർക്ക് കൈമാറി.

സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ ലോഗോ പ്രകാശനം ചെയ്തു. വകുപ്പിൻറെ മുൻ ഡയറക്ടർമാരെയും അധ്യാപകരെയും വൈസ് ചാൻസലർ ആദരിച്ചു.

ഡോ. ആർ. സതീഷ് എൻഡോവ്മെന്റ്പുരസ്കാരം രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ വിദ്യാർഥികൾക്ക് സമ്മാനിച്ചു. പ്രോ- വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, വകുപ്പ് ഡയറക്ടർ ഡോ. കെ.ആർ. ബൈജു, മുൻ ഡയറക്ടർ പ്രഫ. ഇ.വി രാമസ്വാമി, ഡബ്ല്യു.ഡബ്ല്യു.എഫ് ഇന്ത്യ സ്റ്റേറ്റ് ഡയറക്ടർ രഞ്ജൻ മാത്യു വർഗീസ്, ഡോ. കെ.പി. ജോയ്, ഡോ. എ.പി. തോമസ്, പ്രഫ. എ.പി പ്രദീപ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ/39/199/2023)

## വൈവ വോസി

മൂന്നാം സെമസ്റ്റർ എം.ബി.എ (2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെന്ററി - ഫെബ്രുവരി 2023) പരീക്ഷയുടെ വൈവ വോസി ഫെബ്രുവരി 21 മുതൽ കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/200/2023)

## സബ് സെൻററുകൾ അനുവദിച്ചു

ഫെബ്രുവരി 21ന് ആരംഭിക്കുന്ന മൂന്ന്, നാല് സെമസ്റ്റർ ബി.എ, ബി.കോം (സി.ബി.സി.എസ്.എസ് 2014-2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2012,2013 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് സബ് സെൻററുകൾ അനുവദിച്ചു. വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ. വിദ്യാർഥികൾ അനുവദിക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിൽനിന്നും ഹാൾ ടിക്കറ്റ് വാങ്ങി പരീക്ഷയ്ക്ക് ഹാജരാകണം.
(പി.ആർ.ഒ/39/201/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**